(1)	(2)	(3)
വിഷൻ - 2013	339.70	100.97
9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി	അധികകേന്ദ്ര ധനസഹായം- 1984.19 സംസ്ഥാന വിഹിതം 456.1825	1.0285
വിജ്ഞാൻവാടി	ഒരു വിജ്ഞാൻ വാടി സ്ഥാപിക്കുന്നതിന് 1.50 ലക്ഷം രൂപ ക്രമത്തിൽ 70 എണ്ണത്തിനായി 105 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിജ്ഞാൻവാടിയുടെ രണ്ടാം ഘട്ടത്തിൽ കെട്ടിടനിർമ്മാണത്തിനായി ഒരു വിജ്ഞാൻവാടിക്ക് 5 ലക്ഷം രൂപ ക്രമത്തിൽ 50 കോടി രൂപ കെ.പി.എച്ച്.സി.സി-യ്ക്ക് കൈമാറി നൽകിയിട്ടുണ്ട്.	165.66
പ്രീമെട്രിക് ഹോസ്റ്റലിലെ ലൈബ്രറി നവീകരണം	99.00	62,95,564

(ബി) അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് പഠനം

5(5573) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും കിലയും സംയുക്തമായി പഠനം നടത്തിയിട്ടുണ്ടോ ; പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ/നിഗമനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പഠനത്തിൽ 50 -ഉം അതിൽ കൂടുതലും പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന എത്ര കോളനികൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ കണ്ടെത്തിയിട്ടുണ്ട് ; അവ ഏതെല്ലാം ; ഏതെല്ലാം പഞ്ചായത്തിൽ ; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോളനികളിൽ ഭവനം നിർമ്മിച്ച് നൽകാനും വൈദ്യുതീകരണം നടത്താനും പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്; പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങളടക്കമുള്ള റിപ്പോർട്ടിന്റെ ആമുഖം അനുബന്ധമായി ചേർക്കുന്നു* പഠന റിപ്പോർട്ട് ഏകദേശം 409 പേജുകൾ വരുന്ന പുസ്തകമാണ്.

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 50 ഉം അതിൽ കൂടുതലും പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. പാണലിൽ കോളനി - ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്
2. വലിയമല കോളനി - മൂടാടി ഗ്രാമപഞ്ചായത്ത്
3. നെരവത്ത് കോളനി - മൂടാടി ഗ്രാമപഞ്ചായത്ത്

(സി) വലിയമല കോളനി സ്വയംപര്യാപ്ത കോളനിയായി തെരഞ്ഞെടുത്തിട്ടുണ്ട്. മറ്റ് കോളനികളിൽ വകുപ്പ് മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ടും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ

6(5589) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾക്കായി നീക്കിവച്ച തുക ഏതെല്ലാം ആവശ്യത്തിനായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും ഇവിടങ്ങളിൽ പദ്ധതി നടപ്പാക്കാനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്നും ഗ്രാമങ്ങൾ തിരിച്ച് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly